പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 708

11.12.2012 ൽ
മറുപടിയ്ക്ക്

ഐ.ടി. പാർക്കുകൾ

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ : | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പുതുതായി ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനും സെസ് പദവി ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കപ്പെട്ടവ ഏതൊക്കെയാണ് ; ഇവയിൽ സ്വകാര്യമേഖലയിലെ പദ്ധതികൾ ഏതൊക്കെ ; | എ) സംസ്ഥാനത്ത് പുതുതായി കോട്ടയം ജില്ലയിലെ പാലായിൽ ഒരു ഐ.ടി. പാർക്ക് (ഇൻഫോസിറ്റി പാല) സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കണ്ണൂർ സൈബർപാർക്കിന്റെ ഭൂമിക്ക് സെസ് പദവി നീട്ടി കിട്ടുവാൻ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ പദ്ധതികളൊന്നും നിലവിൽ വന്നിട്ടില്ല. |
| ബി) നിലവിലുള്ള ഐ.ടി. പാർക്കുകളിൽ ഇനിയും നിർമ്മാണം നടത്താൻ കഴിയുന്ന മൊത്തം സ്ഥലം എത്രയാണെന്ന് പാർക്കുകളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ ; | ബി) തിരുവനന്തപുരം ടെക്നോപാർക്ക് മൂന്നാംഘട്ടത്തിൽ 25 ഏക്കർ , ടെക്നോസിറ്റി 241 ഏക്കർ,കുണ്ടറ ഐ.ടി. പാർക്ക് 30 ഏക്കർ. ചേർത്തല ഐ.ടി. പാർക്ക് 43 ഏക്കർ, ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടം 11.82 ഏക്കർ, ഇൻഫോപാർക്ക് കൊച്ചി രണ്ടാംഘട്ടം 81 ഏക്കർ ഇൻഫോപാർക്ക് തൃശ്ശൂർ (കൊരട്ടി) 16 ഏക്കർ, കോഴിക്കോട് സൈബർപാർക്ക് 30 ഏക്കർ, കണ്ണൂർ ഐ.ടി. പാർക്ക് 20 ഏക്കർ, കാസർഗോഡ് ഐ.ടി. പാർക്ക് 80 ഏക്കർ, അമ്പലപ്പുഴ ഐ.ടി. പാർക്ക് പരിസ്ഥിതി പ്രശ്നങ്ങളാൽ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചിട്ടില്ല. |
| സി) സെസ് പദവി ലഭിച്ച ഐ.ടി. പാർക്കുകളിൽ നിർമ്മാണം നടത്താൻ സ്ഥലം ബാക്കി നിൽക്കേ പുതിയ പാർക്കുകൾക്ക് വീണ്ടും സെസ് പദവി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നത് | സി) കേരളത്തിലെ ഐ.ടി. പാർക്കുകൾ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലാണ് നിർമ്മിച്ച് വരുന്നത്. നിക്ഷേപകർ കൂടുതൽ എത്തിക്കൊണ്ടിരിക്കുന്ന ഹബ്ബുകളിലും സ്പോക്കുകളിലും കൂടുതൽ സെസ് പദവിയുള്ള ഭൂമിയുടെ ആവശ്യം ഉണ്ടാകും. സംസ്ഥാനത്തെ |

| | |
|---|---|
| എന്തുകൊണ്ടാണ് ; സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെയും സ്ഥലലഭ്യതയുടെയും കാര്യത്തിൽ ഭാവിയിലെ ആവശ്യം സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ? | ഐ.ടി. പാർക്കുകളുടെ ഭാവിയിലെ ആവശ്യമായ സ്ഥലലഭ്യത കൂടി കണക്കിലെടുത്താണ് ഇപ്പോൾ ഐ.ടി. പാർക്കുകൾ വികസിപ്പിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ